
marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Mar Timotheus Metropolitan Smaraka Grandham


MAR TIMOTHEUS METROPOLITAN
SMARAKA GRANDHAM

മാർ തിമോഥെയോസ് മെത്രാപ്പോലീത്താ

1070
5/3/11

Sri. M. V. PAUL.

PUBLISHERS:
HISTORY PUBLISHING ORGANIZATION,
ANCHANGADY, TRICHUR-5.

PRINTED AT
THE GURUVILASAM PRESS, TRICHUR-1

1975

[Copies: 1000 [Price: Rs. 75/-

www.TheCMSIndia.org

| | |
|---|---|
| Call Number | RR-1382/WM |
| Title | Mar Timotheus Metropolitan Smaraka Grandham |
| Topic | Smaraka Grandham |
| Author | M.V. Paul |
| Publisher/Year | History Publishing Organization ,Anchangady, Trichur/1975 |
| Printed at | The Guruvilasam Press, Trichur |
| Total Pages | 564 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | # MarTimotheusMetropolitanSmarakaGrandham #MarTimotheus #SmarakaGrandham # M.VPaul #TheGuruvilasamPress #Trichur #trissur # HistoryPublishingOrganization |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org



Late Mar Themotheus Metropolitan

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# MAR TIMOTHEUS METROPOLITAN
# SMARAKA GRANDHAM

## മാർ തിമോഥയോസ് മെത്രാപ്പോലീത്താ സ്മാരക ഗ്രന്ഥം

METROPOLITAN SAHITHI LIBRARY, THRISSUR
MAR APREM METROPOLITAN H.G. Dr. MAR APREM
P.O. M.G. KAVU
THRISSUR-680 581
1070
5/3/11

AUTHOR:

Sri. M. V. PAUL.

*PUBLISHERS:*

HISTORY PUBLISHING ORGANIZATION,
ANCHANGADY, TRICHUR-5.

*PRINTED AT*

THE GURUVILASAM PRESS, TRICHUR-1

1975

[Copies: 1000 [Price: Rs. 15/-

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# PREFACE

This work, a memorial to the late His Grace Mar Timotheus Metropolitan is now presented before the public.

It is really the spirit of sacrifices that has led human society along the path of progress. It is self love that brings degradation and dissension to the human society. If we look back to the history of twenty centuries of the Church of the East we can find it illumined by the golden halo of human sacrificial services and martyrdoms.

This book written in memory of the late Mar Timotheus Metropolitan is a long record of the noble sacrifices suffered by His Grace for rescuing and re-establishing the Church of the East in India, with its only remnant left at Trichur. The contribution of each Church or community towards the greatness of human history is widely varying. It need not be mentioned that criticisms which expose sad happenings in the history of conflicting communities do serve their own purpose. The author is constrained to perform this function. The dark shadows of such sad happenings can be visible in this work. It is my fervent prayer that these may be reckoned only as some ominous delirium from the bygone past.

His Grace Mar Timotheus Metropolitan spent his life not only for the re-establishment of the Church of the East but also for the revival of everything noble and idealistic. The different characters in the play enacted by His Grace have their own real stories to narrate. The tremendous strain and stress the members of the Church of the East were subjected to in maintaining their faith and status-quo in society in the face of obstacles and oppositions from the enemies of the faith in the field of matrimoney, profession and such other business in life are well known. For the sake of their faith members of so many families have fallen out and fought like brutes ignoring even blood relationship. Husbands have forsaken wives and vice versa

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# മാർ തിമോഥയോസ് മെത്രാപ്പോലീത്ത സ്മാരകഗ്രന്ഥം

## (അദ്ധ്യായം 1)

### പ്രാരംഭം

"യദായദാഹിധർമ്മസ്യ ഗ്ലാനിർഭവതിഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനംസൃജാമ്യഹം"

"ഏതേതുകാലങ്ങളിൽ ധർമ്മത്തിന്നു് പതനം ഭവിക്കുകയും അധർമ്മം വളരുകയും ചെയ്യുന്നുവോ അതാതു കാലങ്ങളിൽ ഞാൻ പ്രകടസ്വരൂപനാകുന്നു". വസ്തുക്കളുടെ സൂക്ഷ്മഭാവങ്ങളെ സാക്ഷാൽക്കരിക്കുമ്പോഴാണല്ലൊ പ്രകൃതിനിയമങ്ങൾ സുഗ്രാഹ്യങ്ങളാവുക. എന്നാൽ ചിലപ്പോഴൊക്കെ അപഗ്രഥനത്തിൽ വേണ്ടത്ര മനസ്സിരുത്താൻ കഴിയാതെ വന്നേക്കാം. അതോടുകൂടി സാക്ഷാൽക്കരിച്ചുകിട്ടുന്ന സത്തയും അപരിപക്വമാകാതെ തരമില്ല. എന്നാൽ മനുഷ്യന്റെ യുക്തിബോധം പലപ്പോഴും അങ്ങിനെ പിടിച്ചുപററിയ താമസികബോധങ്ങളെ വെച്ചു പുലർത്തുകയാണു് പതിവു്.

ഒരു ചെറിയ ഉദാഹരണം നോക്കുക. ആനിബസെൻറ് മദാമ്മ തിയോസഫിയുടെ ചില സവിശേഷതകൾ വിശദമാക്കുമ്പോഴാണു് ഈ കഥ പറഞ്ഞതു്. ഒരു ക്ഷേത്രത്തിൽ ഒരു പൂജാരി ഉണ്ടായിരുന്നു. അദ്ദേഹം ജന്തുക്കളെ ഇണക്കിവളർത്തുന്ന കലയിൽ അദ്വിതീയനായിരുന്നു. പൂജാരി ഒരു പൂച്ചയെ സകൌതുകം വളർത്തിപ്പോന്നു. പൂച്ചക്കു് പൂജാരിയോടു് എന്തെന്നില്ലാത്ത സ്നേഹമുണ്ടായിരുന്നു. യജ്ഞാദികർമ്മങ്ങൾ നിർവ്വഹിക്കുമ്പോൾ പൂച്ച ഇടയിൽകടന്നു് പൂജാരിയെ പലപ്പോഴും ഉപദ്രവിച്ചിരുന്നു. പൂജാരിയെ ഉപദ്രവിക്കാനായിരുന്നില്ല പൂച്ച ഇടയിൽ കടന്നുചെല്ലുക. എന്നാൽ പൂച്ചയുടെ കടിഞ്ഞാണില്ലാത്ത സ്നേഹപ്രകടനം പൂജാരിയെ വല്ലാതെ കറക്കി.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 2)

## അസ്സീറിയൻ ക്രിസ്ത്യാനികൾ

അസ്സീറിയൻ ക്രിസ്ത്യാനികളുടെ പാരമ്പര്യവും ആദർശത്തിന്റെ മാഹാത്മ്യവുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാൻ വിചാരിക്കുന്നതു്. പല വ്യക്തികളും മതങ്ങൾപോലും പാവനമായ ലക്ഷ്യപ്രാപ്തി രക്തപങ്കിലമായ പരിപാടികളെപ്പോലും പവിത്രമാക്കുന്നുവെന്നു വിശ്വസിക്കുന്നുണ്ട്. മതത്തിന്റെയും ദൈവത്തിന്റെയുംപേരിൽ അവർ ചൊരിഞ്ഞിട്ടുള്ള രക്തം ആക്കം എത്രയെന്നു പറയാനാവില്ല. എത്ര സുറിയാനി മെത്രാപ്പോലീത്തമാരെ ഇവർ കഴുത്തുപിടിച്ചു ഞെക്കിക്കൊന്നിട്ടുണ്ട്. ചരിത്രം ഇതെല്ലാം രേഖപ്പെടുത്തിവെച്ചിരിക്കുന്നു. മാർ തിമോഥെയോസ് തിരുമേനി ജനിച്ചതു് വാളും പട്ടിണിയും കൈകോർത്തു പിടിച്ച് മട്ടിച്ചിരുന്ന അസ്സീറിയൻ ക്രിസ്ത്യാനികളെ പുനരുദ്ധരിക്കാനായിരുന്നു. അതിന്നു് അദ്ദേഹം സ്വീകരിച്ച പരിപാടികൾ അത്രമാത്രം പാവനങ്ങളുമായിരുന്നു.

തിരുസഭയെ ആത്മീക ന്യായപ്രമാണത്തിലേക്കു വഴിനടത്തേണ്ട കാലം തികഞ്ഞപ്പോൾ ഈശോമിശിഹാ അവതരിച്ചു. മോശ അഹറോനു നല്കിയ വി. കൈവെപ്പ് യോഹന്നാൻ സ്നാപകൻവരെ നിലനിന്നിരുന്നു. ഈശോമിശീഹാ യോഹന്നാൻ സ്നാപകനിൽനിന്നു വി. പാരമ്പര്യം സ്വീകരിച്ചു. അല്ലെങ്കിലും ഈശോമിശിഹാ മല്ക്കീസ് ദിക്കിന്റെ സാദൃശ്യത്തിൽ പുരോഹിതനാണല്ലോ. ഈശോമിശീഹാ ഉയിർത്തെഴുന്നേറ്റശേഷം 40 നാളോളം സഭയെ പണിയാൻ ശ്ലീഹാമാരെ പഠിപ്പിച്ചു. ക്രൈസ്തവസഭ വി. സുവിശേഷംമാത്രം ആധാരമാക്കാൻ പാടുള്ളുവെന്നു പാശ്ചാത്യനവീകരണക്കാർ വാദിക്കുന്നു. ഈശോമിശീഹാ നാല്പതുനാളുകളിൽ ശ്ലീഹന്മാരെ എന്തു പഠിപ്പിച്ചുവെന്നു് വി. സുവിശേഷം വ്യക്തമാക്കിയിട്ടില്ല. അതെല്ലാം ഗുരുമുഖത്തിൽനിന്നു ശിഷ്യന്മാർ പഠിച്ചു. പരമ്പരയാ സഭ അതു പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ശ്ലീഹന്മാർ ആദ്യം ഒഴിഞ്ഞ സ്ഥാനത്തേക്കു് മത്തിയാസിനെ തിരഞ്ഞെടുത്തു. പെന്തിക്കോസ്തുനാളിൽ റൂഹാദ്കുദീശായുടെ ദാനം ലഭിച്ചശേഷം ശ്ലീഹന്മാർ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 3)

## ജനനവും വിദ്യാഭ്യാസവും

മാർ. തീമോഥയൂസ് മെത്രാപ്പോലീത്ത തിരുമേനി ലോകത്തിൻെറ മുമ്പിൽ എല്ലാക്കാലത്തും പ്രോജ്വലിക്കുന്നൊരു കെടാവിളക്കത്രെ. എന്നാൽ ഏതു ഇരുട്ടറകളിലും ക്രൈസ്തവാദർശത്തിൻെറ സൂര്യോദയത്തിൽ തങ്കച്ചാറ തളിക്കാനായിരുന്നു അദ്ദേഹം ജീവിച്ചതു്. പട്ടിണികൊണ്ടും, നരകയാതനകൾകൊണ്ടും രോഗങ്ങൾകൊണ്ടും ഞെരുങ്ങി നെടുവീർപ്പിട്ടിരുന്ന ഏതു മനുഷ്യജീവിതത്തെയും ഒററ കടാക്ഷത്താൽ മെത്രാപ്പോലീത്ത തിരുമേനിക്കു് ആനന്ദക്കടലിൽ ആറാടിപ്പിക്കുവാൻ കഴിഞ്ഞിരുന്നു.

മെത്രാപ്പോലീത്ത തിരുമേനിയുടെ ജീവിതം തിരുസഭക്കുവേണ്ടി മാത്രമല്ല ലോകത്തിനുവേണ്ടിത്തന്നെ നിർവ്വഹിക്കപ്പെട്ടൊരു മഹായജ്ഞമായിരുന്നു.

യജ്ഞാർത്ഥാദ് കർമ്മണോന്യത്ര ലോകോയംകർമ്മബന്ധന
തദർത്ഥം കർമ്മകൌന്തേയ മുക്തസംഗസമാചരാദ്

“ഈശ്വരാർപ്പിതമായിട്ടു് കർമ്മങ്ങൾ ചെയ്യുക കൌന്തേയ, അന്യത്രകർമ്മങ്ങൾ ബന്ധകാരണങ്ങളാണു്.” എന്നു ഗീത ഉപദേശിക്കുന്നു. മുക്തിയുടെ സാധന പാഠക്കാര്യത്തിൽ ഹിന്ദുക്കളും ക്രൈസ്തവരും തമ്മിൽ ചില ചില്ലറ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. എന്നാൽ പരമമായ ആനന്ദപ്രാപ്തിയെപ്പററി രണ്ടുകൂട്ടർക്കും അഭിപ്രായവ്യത്യാസങ്ങളില്ല. മെത്രാപ്പോലീത്താ തിരുമേനി ഹൈന്ദവരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഒരു ജീവന്മുക്തനായിരുന്നു. ലോകശാന്തിക്കുവേണ്ടി അദ്ദേഹം ജീവിതയജ്ഞം നിർവ്വഹിച്ചു. ക്രിസ്ത്യാനികൾ ഇങ്ങിനെയുള്ളവരെ വിശുദ്ധന്മാർ എന്നു വിളിക്കുന്നു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 4)

## ഭാരതീയ ക്രിസ്ത്യാനികൾ

മാർ തിമോഥെയോസ് മെത്രാപ്പോലീത്തയെ ഇന്ത്യയിലേക്ക് ആകർഷിക്കാൻ പര്യാപ്തങ്ങളായ സംഭവങ്ങളാണ് ഇനി പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നത്. ഇക്കാലത്തെ ഭാരതീയ ക്രൈസ്തവ സഭയെ പററി എന്തെങ്കിലും മനസ്സിലാക്കണമെങ്കിൽ പ്രാചീനചരിത്രത്തിലേയ്ക്കൊന്നു കണ്ണോടിക്കാതെ തരമില്ല. ഇതിനുമുമ്പ് ലേഖകൻതന്നെ രചിച്ചിട്ടുള്ള തിരുസഭാ ചരിത്രത്തിൽ ഇന്ത്യയിലെ സഭ എന്ന ശീർഷകത്തിൽ കേരളീയ ക്രിസ്ത്യാനികൾ നെസ്തോറിയന്മാർ അഥവാ ക. സുറിയാനിക്കാർ ആയിരുന്നുവെന്ന സംഗതി സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും വീണ്ടും കേരളീയ ക്രൈസ്തവചരിത്രത്തിലേക്കൊന്നെത്തിനോക്കാതെ ഈ അവസരത്തിൽ നിവ്വാഹമില്ല.

എ. ഡി. 1599-നുമുമ്പ് കേരളീയ ക്രൈസ്തവസഭ തനി നെസ്തോറിയൻ അഥവാ കി. തിരുസഭയായിരുന്നുവെന്ന പരമാർത്ഥം ഉദയംപേരൂർ സൂനഹദോസ് ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ട്. ക. സുറിയാനിക്കാരെ മുഴുവൻ റോമയ്ക്കടിമപ്പെടുത്താൻ മാത്രമായിരുന്നു 1599-ൽ ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടിയത്. യോഗത്തിന്റെ പരിപാടികളെല്ലാം ആന്തോണിയോ ഡിഗോവയാ 1606-ൽ കോയിമ്പറയിൽവെച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിലെ ഡിക്രികൾ ഓരോന്നോരോന്നായി ഉദ്ധരിക്കുമ്പോൾ കാര്യങ്ങൾ സുവ്യക്തമാകുന്നതാണ്. (The History of Christianity in India) ഇന്ത്യയിലെ ക്രൈസ്തവചരിത്രത്തിന്റെ കർത്താവായ ഹഫ് ഉദയംപേരൂർ സൂനഹദോസിന്റെ ഡിക്രികൾ മുഴുവനും അന്തോണി ഡി ഗോവയായിൽ നിന്നു ഉദ്ധരിച്ചിരിക്കുന്നു.

“ഞാൻ എന്റെ പൂർണ്ണഹൃദയത്തോടെ ആത്മാർത്ഥമായ് സൂനഹദോസ് നിയമങ്ങൾ സമ്മതിക്കുന്നു. ഞാൻ സൃഷ്ടികർത്താവും സർവ്വേശ്വരനുമായ ദൈവത്തിൽ വിശ്വസിക്കുന്നു. ഈശോമിശിഹായുടെ അവതാരത്തിലും, ക്രൂശുമരണത്തിലും, ഉയർത്തെഴുന്നേല്പിലും എന്നുവേണ്ട

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 5)

## തൃശ്ശൂർ വലിയപള്ളി

കഴിഞ്ഞ അദ്ധ്യായങ്ങളിൽ അഭിമലേക്കിന്റെ ശൈശവ കൌമാര ചരിത്രം അറിയാകുന്നിടത്തോളം പ്രതിപാദിച്ചുകഴിഞ്ഞു. അഭിമലേക്കിനെ ഈശ്വരൻ കേരളീയ ക. സുറിയാനിക്കാൎക്കുവേണ്ടി കൺമണിപോലെ സൂക്ഷിച്ചുപോരികയായിരുന്നു. ഇരമ്പികുതിക്കുന്ന മട്ടനങ്ങളുടെ തിരമാലകളിൽ അഭിമലേക്കിനെ ഏതോ അജ്ഞാതമായൊരു ഹസ്തം എന്തിന്നോ വേണ്ടി തലമുടിയിഴക്കുപോലും ഭംഗം വരാതെ സംരക്ഷിച്ചുപോന്നു. ഓമറിന്റെ റുബായിയാത്തിൽ ഒരിടത്തു പറഞ്ഞിരിക്കുന്ന ചില വരികളാണ് ഓൎമ്മവരുന്നതു്. "പ്രധാന കുലാലൻ ചക്രത്തിന്മേൽ ചവിട്ടിക്കൊണ്ടിരിക്കുകയാണ്. അവൻ ചക്രവർത്തിയുടെ തലയോട്ടുകൊണ്ടു കുടത്തിന്നു അടപ്പുണ്ടാക്കുന്നു. യാചകന്റെ കൈകൊണ്ടു് ഭരണിക്കു് പിടിവാക്കുന്നു."

ഓരോ മനുഷ്യന്റേയും ജീവിതത്തിൽ ചെറുതും വലുതുമായ ഓരോ ചലനങ്ങളും സസൂക്ഷ്മം പരിശോധിക്കുമ്പോൾ പരാശക്തിയുടെ പ്രത്യേക പ്രത്യേക നിയോഗങ്ങളുടെ പ്രതിഫലനങ്ങളാണെന്നു് കാണാൻ എളുപ്പമാണ്. മനുഷ്യശാസ്ത്രംതന്നെ ഉൽഘോഷിക്കുന്നതു് ശ്രദ്ധിക്കുക. ഒരു എഞ്ചിനീയറും ഒരു ഗണിതശാസ്ത്രജ്ഞനും അല്ല ഏതേതു് ശാസ്ത്രങ്ങളെല്ലാമുണ്ടു് അവയെല്ലാം കലക്കികുടിച്ചവരായ വ്യക്തികളുടെ കഴിവുകളെല്ലാം ഈശ്വരസൃഷ്ടമായ പ്രപഞ്ചത്തിന്റെ മുമ്പിൽ മൂക്കിന്മേൽ വിരലും വെച്ചു് അത്ഭുതപരതന്ത്രരായ് നോക്കിനില്ക്കുന്നു. ഇതുവരെ ഈശ്വരന്നിവിടെ ഒരു കാര്യവുമില്ലെന്നു വീമ്പടിച്ചിരുന്ന ശാസ്ത്രം അത്രക്കു് വിഡ്ഢിയായിരിക്കുന്നു.

ഒരു മണിക്കൂറിൽ ആയിരം നാഴിക വേഗത്തിൽ ഭൂമി അച്ചുതണ്ടിൽ തിരിയുകയാണല്ലോ. അതു 100 നാഴിക വേഗത്തിലായിരുന്നുവെങ്കിൽ എന്തുമാത്രം ആപൽകരമായേനെ. നമ്മുടെ രാവും പകലും ഇന്നത്തേക്കാൾ പത്തിരട്ടി സുദീർഘമാകും. പകലത്തെ നീണ്ടുനില്ക്കുന്ന ചൂടും രാത്രിയിലെ തണുപ്പും സഹിക്കാൻ കഴിയാതെ ജീവജാല

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 6)

## മാർ. തിമോഥയോസ് മെത്രാപ്പോലീത്തയുടെ വരവും കുറെ കത്തുകളും

തിരമാലകൾപോലെ കേരളീയ സഭാചരിത്രത്തിൽ സംഭവപരമ്പരകൾ തടംതല്ലിതകർത്തുകൊണ്ടിരിക്കുമ്പോൾ കൊച്ചാനീസിലെ കൊച്ചുബാലൻ സാംസ്കാരികമായും അദ്ധ്യാത്മീകമായും വളരാൻ തുടങ്ങിയിരുന്നു. ഏഴുകൊല്ലത്തെ വിദ്യാർത്ഥിജീവിതം അവസാനിച്ചതോടുകൂടി തത്വശാസ്ത്രം, തക്സാ, സുൻഹാദോസ്, സഭാചരിത്രം, പ്രാർത്ഥനാക്രമം, വ്യാകരണം, ഗണിതശാസ്ത്രം, ഭൂമിശാസ്ത്രം, തുക്കിഭാഷ എന്നീ വിഷയങ്ങളിൽ അഭിമലേക്ക് അപാരപണ്ഡിതനായിതീർന്നിരുന്നു. വിദ്യാർത്ഥിജീവിതത്തിൽതന്നെ അഭിമലേക്കിന്നു് അദ്ധ്യാപകവൃത്തിയും അനുഷ്ഠിക്കേണ്ടിവന്നിട്ടുണ്ടു്. പടക്കോപ്പുകളെല്ലാം അണിഞ്ഞു് കളരിയുടെ പ്രാകാരങ്ങൾവിട്ടു പുറത്തുവന്നു് സമുദായസേവനമഹാസമരത്തിൽ നമ്മുടെ വീരയോദ്ധാവു് മുന്നേറാൻ തുടങ്ങി.

വിദ്യാർത്ഥിജീവിതമവസാനിക്കുന്നതിന്നു ഒരു കൊല്ലം മുമ്പുതന്നെ പിതാവു് നിര്യാതനായി. അസ്സീറിയൻ സിംഹമെന്ന മഹാഭിധാനത്തിൽ പ്രഖ്യാതനായിതീർന്ന മാർ. ബന്യാമിൻ ശീമോൻ പാത്രിയർക്കീസ് തിരുമേനിയുടെ പിതാവും അന്നുതന്നെയാണു് നിര്യാതനായതു്. ചുരുക്കത്തിൽ ബന്യാമീനും, അഭിമലേക്കിന്നും ഒരേ ദിവസംതന്നെ പിതൃനിര്യാണശോകം അനുഭവിക്കേണ്ടിവന്നു. അഭിമലേക്ക് ഇതിന്നു മുമ്പുതന്നെ എന്തെന്നില്ലാത്ത അനാരോഗ്യത്തിന്റെ നെരിപ്പോട്ടിൽ കിടന്നു് നീറിക്കൊണ്ടിരിക്കുകയായിരുന്നു. ചെറിയ കുട്ടിയായിരിക്കുമ്പോൾതന്നെ അഭിമലേക്ക് ഒരു രോഗിയായിരുന്നു.

പലരും രോഗത്തിൽനിന്നു വിമുക്തിനേടാൻ ആത്മഹത്യപോലും ചെയ്യാൻ മടിക്കാറില്ല. എന്നാൽ മിക്കപ്പോഴും രോഗങ്ങൾ മനുഷ്യനെ അബദ്ധത്തിൽ ചാടാതെ നേർവഴിക്കു് ചലിപ്പിക്കുന്ന മാലാകമാരാണെന്ന പരമാർത്ഥം അവർ മനസ്സിലാക്കുന്നില്ല. ഓരോ മനുഷ്യന്റെയും

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

കാസപീലാസയും സൈത്തുകുപ്പികളും
വീശുന്ന ധൂപക്കറൊപ്പം കൊടുത്തുടൻ
എണ്ണംപിടിച്ചു പറയുവാനുള്ളൊരു
മിന്നുന്ന പുസ്തകം വേദപുസ്തകവും
ആദിത്യമോതിരമിട്ടുവിരലിന്മേ-
ലാശീർവ്വദിച്ചു, കുനിഞ്ഞു വിശുദ്ധനും
ഇന്ത്യയിൽ രണ്ടു രാജാക്കൾക്കു ലക്ഷ്യവും
ബന്ധം വരുത്തുവാനേകി മഹാമതി
പിന്നെ തിമോഥെയോസ് മെത്രാപ്പോലീത്തയെ
വന്ദിച്ചിരുത്തി കഥിച്ചുതുടങ്ങിനാൻ.
"ഇന്ത്യയിൽ മക്കൾക്കിടയനായ് വാഴുവാ-
നെന്തുവന്നാകിലും മാറാതെ പോകണം
ആശവിടാതെയലയുന്ന മക്കളെ
ആശ്വസിപ്പിക്കുവാൻ പോകുക പോകുകാ
രക്തം ചൊരിയാനിടവരുന്നാകിലൊ
ശക്തൻ തരും മഹാധൈര്യം നിനക്കെടൊ
എത്തുന്നിടത്തോളം കത്തയച്ചീടുക
ചിത്തം തെളിഞ്ഞതങ്ങയക്കാം മറുപടി."
കെട്ടിപ്പിടിച്ചാലിംഗനവും ചെയ്തു
മുത്തിച്ചുതാതനധികാരമോതിരം.
കൊട്ടും കുഴൽവിളി മേളങ്ങളോടൊത്തു
പൊട്ടികതിനകളറ്റമില്ലാതെയും.
സന്തോഷമോടെ പുറപ്പെട്ടു സ്റ്റീമറി
ലന്തമില്ലാത്ത കടലിലൂടെയുടൻ
ഏലം വിളിച്ചിട്ടെറിയുന്നു കപ്പലു-
മേതുംഭയമേകിയില്ല കുറച്ചിട
എന്നാലും മഞ്ഞുപോലുള്ളൊന്നലിഞ്ഞിതു
മന്ന പണ്ടിസ്രായേൽ മക്കൾക്കു നൽകിയ,
മന്നവനേശുകൊടുത്തൊരു ധൈര്യത്താൽ
ആറേഴുമാസം വനങ്ങളിൽ പെട്ടതും
മാറാതെ ചുറ്റിത്തിരിഞ്ഞു വലഞ്ഞതും.
ചിത്രം പറങ്കികൾ വിട്ട വിരുതന്മാർ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 7)

## ചില കത്തുകൾ

മാർ തിമോഥയോസ്സ് മെത്രാപ്പോലീത്തയെ സ്വീകരിപ്പാൻ തൃശ്ശൂർ വലിയ പള്ളിക്കാർ അഭിപ്രായഭിന്നതകളെല്ലാം മറന്നു് കച്ചകെട്ടിയിറങ്ങി. എന്നാൽ അതിനു മുമ്പുണ്ടായിരുന്ന വൈരുദ്ധ്യങ്ങളെല്ലാം അപ്പോഴും അങ്ങിനെതന്നെ നിലനിന്നിരുന്നു. അത്തരം വൈരുദ്ധ്യങ്ങളുടേയും മാർ. തിമോഥയോസ് തിരുമേനിയുടെ സമാഗമനത്തിന്റേയും കാരണങ്ങൾ വ്യക്തമാക്കുന്ന കുറെ ലേഖനങ്ങളാണു് ഈ അദ്ധ്യായത്തിൽ പ്രതിപാതിക്കാൻ വിചാരിക്കുന്നതു്.

[കോറപ്പിസ്കോപ്പയെ മെത്രാനെന്നു വിളിച്ചവരെ ശപിച്ചുകൊ
* ണ്ടു് മാർ. ഔദീശോ മെത്രാപ്പോലീത്ത തൃശ്ശൂർ യോഗക്കാൎക്കു് എഴു
തിയ കല്പന]

1095 മേടം 4-ാംനു-

ഇപ്പോൾ നിങ്ങൾ നൂതനമായൊരു തലവാചകം നിൎമ്മിച്ചു് നമുക്കു് എഴുതുകയും ബ. അഗസ്റ്റിൻ കോറപ്പിസ്കോപ്പയെ നിങ്ങളുടെ മെത്രാനായി സ്ഥാപിച്ചതു് നീതിയായിട്ടും ദോഷം കൂടാതെയുമാകുന്നുവോ എന്നും ഇതിനാൽ നമ്മോടു നിങ്ങൾ നീതിയായ്തന്നെ പ്രവൎത്തിക്കയും, നാം ചെയ്ത ഉപകാരങ്ങൾക്കു് യോഗ്യപ്രതിഫലത്തെ ചെയ്തുവോയെന്നും ചിന്തിച്ചുകൊൾവിൻ. നാം കൎമ്മലീത്താക്കാരുടെ കഠിന നുകത്തിൻ കീഴിൽനിന്നു് നിങ്ങളേയും മലയാള കൽദായപരിഷ ഒക്കെയിനേയും രക്ഷിച്ചു് സ്വാതന്ത്ര്യപ്പെടുത്തേണ്ടതിന്നായിട്ടു് തനതു് ജീവനെ ആപത്തിലാക്കിയും ധീരതയോടെ പരദേശിയുടെ വേഷത്തിൽ കടൽകര സഞ്ചാരത്തിൽ ഉൾപ്പെട്ടും അന്യദേശത്തിൽ ആറേഴുവത്സരം സകല പീഡകളും സഹിച്ചു് കൎമ്മലീത്തക്കാരാലെ ബാബേലിനും മലയാളത്തിനും മദ്ധ്യേ കെട്ടിയിരുന്ന കോട്ടയും മതിലും തകൎത്തു ഒരു മെത്രാനെ

* ഈ ലേഖനം തൃശ്ശൂർ വ. പള്ളിക്കാർ സൌകൎയ്യപൂൎവ്വം വിസ്മരിക്കുന്നു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 9)

## വിദേശയാത്രയും അസ്സീറിയൻ പ്രശ്നവും

കോറപ്പിസ്കോപ്പൻ പാർട്ടിയും കൊച്ചുമെത്രാപ്പോലീത്തൻ പാർട്ടിയും തമ്മിലുള്ള വിടവ് നികത്താനാകാത്ത ഒരു ചുററുപാടിലെത്തി. യോഗി പ്രതിയോഗികൾ ജില്ലാ കോടതിയിൽ ഒരു മഹായുദ്ധത്തിന്നായി വ്യൂഹങ്ങൾ ചമച്ചുനിന്നു. കോറപ്പിസ്കോപ്പൻ പാർട്ടിയെ ഇക്കാലമത്രയും പിന്നിൽനിന്നു സഹായിച്ചിരുന്ന പറങ്കികൾ അഥവാ റോമക്കാർ ഇതുതന്നെ തരമെന്നു കരുതി കൽദായസുറിയാനി വലിയപള്ളിയുടെ പേരിൽ പുതിയൊരു അന്യായം ഫയലാക്കി. ഡോ. മെഡിലിക്കോട്ടിൻെറ കാലത്തും ഇവർ കൽദായസുറിയാനി പള്ളിയുടെപേരിൽ ഒരന്യായം ഫയൽചെയ്തിരുന്നു. അന്നു് അവർ പരാജിതരാവുകയാണ് ചെയ്തതു്.

വയോവൃദ്ധനായ കോറപ്പിസ്കോപ്പച്ചൻ സമാധിയടഞ്ഞതു് ഏതാണ്ടീകാലത്തായിരുന്നു. അദ്ദേഹത്തെ കാണാൻ തിങ്ങിക്കൂടിയവരിൽ ചിലർ റോമാക്കാരായിരുന്നു. കൽദായ സുറിയാനിക്കാർ ഇവരുടെ ഇടപെടലിനെ വെറുക്കുകയും ചെയ്തു. ഇതിന്നു പകചോദിക്കാനും കൂടിയായിരുന്നു റോമക്കാർ ഈ അന്യായം ഫയലാക്കിയതു്.

തെക്കേക്കര ഒളരി ചാക്കു കുഞ്ഞുവറിയ്തു് എന്നദ്ദേഹമായിരുന്നു ഈ അന്യായത്തിൽ ആദ്യം ഒപ്പുവെച്ചിട്ടുള്ളതു്. എരിഞ്ഞേരി പൈലോതു തരുതു അടക്കം അമ്പതുപേരാണ് അന്യായക്കാർ. പ്രതികൾ തൃശ്ശിവപേരൂർ വലിയപള്ളിയിൽ താമസിക്കും കപ്പത്താനത്തു് യോഹന്നാൻ കത്തനാർ മുതൽ മുപ്പത്തിയൊന്നു പേരായിരുന്നു. അവർ ഫയലാക്കിയ അന്യായത്തിൻെറ പകപ്പ് താഴെ ഉദ്ധരിക്കുന്നു.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 10)

## കോടതി കസ്സീത്തു്

കൊച്ചു മെത്രാപ്പോലീത്ത തൃശ്ശൂർ ഡിസ്ത്രിക്ടു് കോർട്ടിൽ കൊടുത്ത സാക്ഷിമൊഴികളാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാൻ വിചാരിക്കുന്നതു്. അദ്ദേഹത്തിൻെറ സാക്ഷിമൊഴികൾ അങ്ങിനെതന്നെ ഉദ്ധരിക്കയാണു് ഉത്തമമെന്നു തോന്നുന്നു.

### തൃശ്ശിവപേരൂർ ഡിസ്ത്രിക്ടു് കോർട്ടു് 1086_ൽ ആദ്യനമ്പ്ര് 66

1095_ാം മാണ്ടു് തുലാമാസം 10_ാംനു- 1919 ഒക്ടോബർ 27_ാംനു- പ്രതിഭാഗം 6_ാം സാക്ഷി സത്യത്തിന്മേൽ ബോധിപ്പിച്ച കസ്സീത്തു്.

| | |
|---|---|
| വീട്ടുപേരും പേരും : | മാർ തിമോഥെയോസു് മെത്രാപ്പോലീത്ത |
| അപ്പൻെറ പേരു് : | കശ്ശീശ ഈശൈ. |
| ജാതി : | സിറിയൻ ക്രിസ്ത്യാനി. |
| വയസ്സു് : | 41. |
| തൊഴിൽ : | വൈദീകവൃത്തി. |
| വാസസ്ഥലം : | തൃശ്ശിവപേരൂർ. |

ഞാൻ ഈ കേസിൽ ഒന്നാം പ്രതിയാണു്. സ്വന്തം രാജ്യം ഏഷ്യയിലെ ടക്കിയിൽ വാൻ എന്ന സംസ്ഥാനത്താകുന്നു. തൃശ്ശൂരിൽവന്നു നാലഞ്ചുകൊല്ലംമുമ്പു് മുതൽ സാധാരണയായിട്ടു് എൻെറ താമസം വാൻ എന്ന പട്ടണത്തിലും ഉമ്മിയ എന്ന പട്ടണത്തിലും ആയിരുന്നു. മാർ. സൈമൺ പാത്രിയക്കീസിൻെറ തലസ്ഥാനം കൊച്ചാനീസിൽ ആണു്. വാൻ എന്ന പട്ടണത്തിന്നും കൊച്ചാനീസിന്നും തമ്മിൽ സുമാർ അമ്പതോ അറുപതോ നാഴിക ദൂരം ഉണ്ടാകും. ഉമ്മിയ എന്ന പട്ടണത്തിന്നും കൊച്ചാനീസിന്നും തമ്മിൽ അറുപതോ എഴുപതോ നാഴിക ദൂരമുണ്ടു്. എൻെറ സ്വന്തം ഭാഷ സുറിയാനിയാണു്. ഇംഗ്ലീഷു് ഒരുവിധം അറിയാം. ഈ നാട്ടിൽ വന്നതിന്നുശേഷം മലയാളം

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# (അദ്ധ്യായം 12)

## പാവനസ്മരണകൾ

ക്രിസ്താബ്ദം 1900–ത്തിലാണല്ലൊ മാർ ഔദീശോ മെത്രാപ്പോലീത്ത തിരുമേനി സമാധിയടഞ്ഞതു്. പിന്നെ ഏതാണ്ടു് 8 വഷങ്ങളോളം തിരുസിംഹാസനം ഒഴിഞ്ഞുകിടന്നു. ഏതൽകാലഘട്ടത്തിലാണു് അഗസ്തീനോസു് കോറപ്പിസ്കോപ്പയെ മെത്രാപ്പോലീത്തയാക്കി കൊണ്ടാടിയിരുന്നതു്. അഗസ്തീനോസു് കോറപ്പിസ്കോപ്പ മെത്രാപ്പോലീത്തയല്ലായിരുന്നു എന്ന സംഗതി അവക്ക്തന്നെ സുജ്ഞാതമായിരുന്നു. അഗസ്തീനോസു് കോറപ്പിസ്കോപ്പ ഒരു ശുദ്ധഗതിക്കാരനായിരുന്നു. അദ്ദേഹത്തെ ഇഷ്ടംപോലെ വളച്ചു് സ്വാത്ഥതാല്പര്യങ്ങൾ നേടാൻ വിനിയോഗിക്കുകയാണുണ്ടായതു്.

മാർ തിമോഥെയോസു് തിരുമേനിയുടെ സമാഗമനവൃത്താന്തം പരന്നതോടുകൂടി സമുദായസ്നേഹികൾക്കെല്ലാം ഒരാശ്വാസമായി. അഗസ്തീനോസു് കോറപ്പിസ്കോപ്പയെ മെത്രാപ്പോലീത്തയായി കൊണ്ടാടിയിരുന്നവരുംകൂടി തല്ക്കാലത്തേക്കെങ്കിലും പുതിയ മെത്രാപ്പോലീത്തയെ സ്വീകരിയ്ക്കാൻ വട്ടംകൂട്ടി. തിരുമേനി കർഡിസ്ഥാനിൽനിന്നു പുറപ്പെട്ട ദിവസംതന്നെ തൃശ്ശൂർ വലിയപള്ളിയിൽ പ്രാത്ഥനയും ആരംഭിച്ചു. എത്ര മെത്രാപ്പോലീത്തന്മാരാണു് പറങ്കികളുടെ വലയിൽ കുടുങ്ങീട്ടുള്ളതെന്ന സംഗതി അവക്കു് നല്ലപോലെ അറിയാമായിരുന്നു. പ്രാത്ഥനക്കു് പള്ളിയിൽ ഓടിക്കൂടിയിരുന്ന ജനങ്ങൾക്കു് ഒരു കണക്കുമുണ്ടായിരുന്നില്ല. അത്ര വീറോടും ഹൃദയംഗമമായും അവർ തിരുമേനി സുരക്ഷിതമായിരിക്കാൻ ദിവസേന പ്രാത്ഥിച്ചുതുടങ്ങി. തിരുമേനി ബോംബെയിൽ കപ്പലിറങ്ങിയിരിക്കുന്നു എന്ന കമ്പി കിട്ടിയപ്പോൾ അവരുടെ ആഹ്ലാദങ്ങൾ അവാച്യമായിരുന്നു.

തിരുമേനി തൃശ്ശൂരെത്തുകയും വലിയപള്ളിക്കാർ ആഘോഷത്തോടുകൂടി എതിരേററു കൊണ്ടുപോരികയും ചെയ്തു. പിന്നെ തിരുമേനിക്കു് മംഗളപത്രം സമപ്പിച്ചു. അന്നത്തെ യുവാക്കന്മാർ മനോഹരമായൊരു

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 13)

## പാവനസ്മരണകൾ 2

ഇസ്സാക്കുജേഷ്ഠന്റെ ഓലമേഞ്ഞ സൂറിയാനി സിമ്മനാരി മുതൽ ഇന്നു തിരൂരിൽ സ്ഥാപിതമായിരിക്കുന്ന ക. സൂറിയാനിക്കാരുടെ ആകാശചുംബിയായ സിമ്മനാരി മണിസൌധംവരെയുള്ള പരിണാമങ്ങൾ മുഴുവനും ലേഖനം ചെയ്യുക സാദ്ധ്യമല്ല. അങ്ങിനെ ഒരാവശ്യവുമില്ല. എന്നാൽ ആരംഭംമുതൽതന്നെ തിരുമേനിതന്നെയായിരുന്നു സിമ്മനാരി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നതെന്ന വസ്തുത മുമ്പു് പലപ്പോഴും രേഖപ്പെടുത്തീട്ടുണ്ടു്.

ശമ്മാശഗീവർഗ്ഗീസ്സ്, ദാവീദ് ബെന്യാമീൻ ദഅശീത്തു് എന്ന പ്രസിദ്ധനായ സൂറിയാനി മേല്പാനെ ഇറാക്കിൽനിന്നു തിരുമേനി തൃശ്ശൂർക്കു് വരുത്തി (1928—1933). അതോടുകൂടി ഇസ്സാക്കുജേഷ്ഠൻ രംഗത്തുനിന്നു തലവലിച്ചു. അദ്ദേഹത്തിന്റെ കീഴിൽ പുരോഹിതവിദ്യാർത്ഥികൾ സൂറിയാനിഭാഷ അഭ്യസിക്കാൻ തുടങ്ങി. സിമ്മനാരി പ്രവർത്തനങ്ങൾ പുരോഗമിച്ചു. തിരുമേനി സിമ്മനാരി കാര്യങ്ങൾക്കുവേണ്ടി കരുതിവെച്ചിരുന്ന ഫണ്ടിന്റെ ദുരന്തനാടകം മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്. എന്തായാലും മെല്പാൻ നാലഞ്ചുകൊല്ലത്തിനുശേഷം നാട്ടിലേക്കു് മടങ്ങിപ്പോയി.

കിഴക്കിന്റെ തിരുസഭയുടെ നിധികൾ മുഴുവനും സൂറിയാനി ഭാഷയിലാണല്ലോ നിക്ഷിപ്തമായിരിക്കുന്നതു്. സൂറിയാനി ഭാഷയുടെ ആഗമം വളർച്ച മുതലായ കാര്യങ്ങളെല്ലാം ഗ്രന്ഥകർത്താവു് രചിച്ചിട്ടുള്ള "തിരുസഭാചരിത്രത്തിൽ" "ആറാമായ" എന്ന ശീർഷകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. ജീവിതത്തെ പരമലക്ഷ്യത്തിലേക്കു് നയിക്കുവാൻ ഉപയുക്തങ്ങളായ നിരവധി തത്വസൂക്തികൾ ഒളിഞ്ഞുകിടക്കുന്ന പിതാക്കന്മാരുടെ ഭാഷ പഠിക്കാനെന്നല്ല കേൾക്കാൻപോലും പലർക്കും ഇന്നു താല്പര്യമില്ല.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 14)

## മിശിഹായ്ക്കടുത്ത പഠിപ്പ്

മാർ തിമോഥയോസ് തിരുമേനി കേരളീയരുടെ എല്ലാവശങ്ങളിലും ഇടപെട്ടുപോന്നു. തൃശ്ശൂർ ആദ്യത്തെ സ്വദേശിപ്രദർശനം ഉൽഘാടനം ചെയ്തതു് തിരുമേനിയായിരുന്നു. സുപ്രസിദ്ധന്മാരായ ഹൈന്ദവനേതാക്കന്മാരുടെ അകമ്പടിയോടുകൂടി തിരുമേനി പ്രദർശനത്തിലെ ഓരോ സ്റ്റാളും നല്ലപോലെ നോക്കികണ്ടു. അങ്ങിനെ ഒടുവിൽ ഖദർ വസ്ത്രാലയസ്റ്റോളിൽ എത്തിച്ചേർന്നു. ഖദറിന്റെ ചരിത്രം മുഴുവൻ തിരുമേനിക്ക് ആരും പറഞ്ഞുകൊടുക്കാതെത്തന്നെ അറിയാമായിരുന്നു. ഇന്ത്യയുടെ സാമൂഹ്യപരിഷ്കരണത്തിൽ ഖദറിനുള്ള നിലയെപററി സഹചാരികളോടു് തിരുമേനി നല്ലപോലെ സംസാരിച്ചു. ഒരു നസ്രാണി മെത്രാപ്പോലീത്ത ഖദർ കാര്യത്തിൽ കാണിക്കുന്ന താല്പര്യം അവരെയെല്ലാം ഇതികർത്തവ്യതാമൂഢരാക്കി. തിരുമേനി അവിടെ നിന്നു ഒരു ഖദർലോഹക്കും മററാവശ്യങ്ങൾക്കുംകൂടി 60 രൂപായുടെ ഖദർ വാങ്ങിക്കുകയും ചെയ്തു. അന്നു് അരമനയിൽ വന്നശേഷം പ്രഥമപുത്രനായ കശ്ശീശ പൌലോസിനോടു് ചുരുങ്ങിയതു നമ്മുടെ കശ്ശീശന്മാർ ഒരു ഖദർലോഹയെങ്കിലും തുന്നിക്കേണ്ടതിന്റെ ആവശ്യകതയെപററി സംസാരിച്ചു. ബ. കശ്ശീശ തിരുമേനിയുടെ കല്പനപ്രകാരം പിന്നീടൊരു ഖദർലോഹ തുന്നിക്കുകയുമുണ്ടായി. അന്നു് തൃശ്ശൂരിൽ എവിടെയെങ്കിലും മഹാസമ്മേളനങ്ങളുണ്ടെങ്കിൽ മാർ തിമോഥയോസ് മെത്രാപ്പോലീത്തയായിരിക്കും അഗ്രാസനപതിയെന്നു് പറഞ്ഞാൽ അതിശയോക്തിയാവില്ല.

കൊച്ചിമഹാരാജാക്കന്മാരും പുത്തൻപേട്ടയും തമ്മിലുള്ള ബന്ധം പണ്ടേക്കു പണ്ടേയുള്ളതാണു്. തിരുമേനിയുടെ സമാഗമനത്തോടുകൂടി ആ ബന്ധം ദൃഢതരമായി. രാജർഷി തിരുമേനിയും മദിരാശിയിൽവെച്ചു തീപെട്ട തിരുമേനിയും മെത്രാപ്പോലീത്ത തിരുമേനിയോടു് എന്തെന്നില്ലാത്ത സ്നേഹത്തോടും ഭക്തിയോടുംകൂടിയാണു് പെരുമാറിയിരുന്നതു്. 1119-ൽ നടന്ന കൊച്ചിമഹാരാജാവിന്റെ പട്ടാഭിഷേകത്തിന്നു് തിരു

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 15)

## "തിരുസഭ"

ഈ അദ്ധ്യായത്തിൽ തിരുസഭ എന്ന ഗ്രന്ഥത്തെ അധികരിച്ചു് ആദ്യം പ്രസ്താവിക്കാമെന്നു് വിചാരിക്കുന്നു. "തിരുസഭ എന്നു നാമകരണം ചെയ്തിട്ടുള്ള ഈ ചെറുപുസ്തകം അതിന്റെ പേർകൊണ്ടു് സൂചിപ്പിക്കുന്നൊരു മഹത്തായ വിഷയത്തെ സവിസ്തരം പ്രതിപാദിച്ചു് ഒരു പുസ്തകം രചിക്കണമെന്നുള്ള ആഗ്രഹത്തോടെ എഴുതിയതല്ല. നിസ്സാരവും താല്പര്യത്തോടെ വായിക്കുന്നവർക്കു് തൃപ്തിവരുത്താൻ മതിയാകാത്തതുമായ ഇതു് കേവലം യാദൃച്ഛികമായിട്ടു മാത്രമാണു് ഈ സ്ഥിതിയിൽ ആയിതീർന്നതു്." തിരുസഭയുടെ മുഖവുരയിൽ തിരുമേനി ഇങ്ങിനെയാണു് പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ പ്രപഞ്ചത്തോളംതന്നെ വിപുലവും അത്യുൽകൃഷ്ടവുമായ തിരുസഭയെ ഒരു അടക്കച്ചെപ്പിൽ കുത്തിയൊതുക്കിയ ഗ്രന്ഥകാരന്റെ ജ്ഞാനഭണ്ഡാഗാരം വാചാമഗോചരമെന്നേ പറയേണ്ടു. അവശ്യാവശ്യമായ തിരുസഭയുടെ ഒരൊററ അംഗത്തെപോലും ബലികഴിക്കാതെ തൊണ്ണൂററഞ്ചു പേജുകളുള്ള ഒരു പുസ്തകത്തിൽ തിരുസഭയെ അണകെട്ടിനിർത്താൻ ഗ്രന്ഥകാരനു് കഴിഞ്ഞിട്ടുണ്ടു്. "തിരുസഭയെ സംബന്ധിച്ചു് അതിന്റെ പ്രകൃതി, സ്ഥിതി, പേർ നിലനില്പ് എന്നിങ്ങനെ ഓരോ കാര്യങ്ങളെപ്പററി വാഗ്വാദം നടത്തുകയും തർക്കിക്കുകയു ചെയ്തുവരുന്നതായി നമുക്കു് അറിവുകിട്ടി. പോരെങ്കിൽ ക്രിസ്തീയമതത്തിൽ ഓരോ കാലങ്ങളിൽ മുളച്ചുവരുന്ന നാനാതരം പുതിയ അഭിപ്രായങ്ങളേയും പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവരും തങ്ങളെതന്നെ ഉപദേശിമാരെന്നു് വിളിച്ചുവരുന്നവരുമായ കൂട്ടക്കാർക്കു് ഈ ജനസമുദായം കുറേ കാലത്തോളം തങ്ങളുടെ നായാട്ടുനിലവും കളിക്കളവും പിടിച്ചുപറിക്കളരിയുമായിരുന്നു." അതിനാൽ "പ്രയോജനമില്ലാത്ത തർക്കങ്ങളേയും വാഗ്വാദങ്ങളേയും വിട്ടുംവെച്ചു് സഭാസംബന്ധമായും വിശ്വാസസംബന്ധമായും ഉള്ള പഠിപ്പുകളെ കുട്ടികൾക്കു് പഠിപ്പിക്കുന്നതിൽ സണ്ടെ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 17)

## നവീകരണം

മാർ തിമോഥയോസ് മെത്രാപ്പോലീത്ത നവീകരണത്തെ വെറുത്തിരുന്നുവെന്ന സംഗതി ഇതുവരെ പ്രതിപാദിച്ച സംഭവങ്ങളിൽ അങ്ങോളമിങ്ങോളം വെട്ടിത്തിളങ്ങുന്നു. അതിനുള്ള കാരണങ്ങൾ വിശദമാക്കേണ്ട ചുമതല ഗ്രന്ഥകാരനുണ്ട്. ഈ അദ്ധ്യായത്തിൽ നവീകരണത്തിന്റെ ഉത്ഭവവും വളർച്ചയും ഇന്നോളമുള്ള അതിന്റെ പ്രത്യാഘാതങ്ങളും പ്രതിപാദിക്കാമെന്നു വിചാരിക്കുന്നു. വളരുന്ന തലമുറകൾക്ക് ഈ പരിശ്രമം എത്രയും ഉപകാരമായിരിക്കും.

പാശ്ചാത്യദേശത്ത് ഈശോമിശിഹായുടെ സുവിശേഷപ്രചരണത്തിന്റെ അടിത്തറ പാകുന്നതിൽ ക്രി. തിരുസഭയുടെ പ്രവർത്തകന്മാർ അതിപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. ആദ്യശതാബ്ദങ്ങളിൽ റോമയിലും പരിസരങ്ങളിലും പ്രവർത്തിച്ച Tatain, Justianthe Martifor, Meletio, Iraneous തുടങ്ങിയ പിതാക്കന്മാർ വി. പൌലൂസിനെ പിൻതുടർന്ന് റോമിൽ പോയവരത്രെ. അവർ ക്രി. തിരുസഭയുടെ വീരസന്താനങ്ങളായിരുന്നു. ഇവരുടെ അക്ഷീണപരിശ്രമങ്ങളാൽ ആദ്യനൂററാണ്ടിൽ ബ്രിട്ടനിലെന്നല്ല യൂറോപ്പിലാകമാനം സുവിശേഷത്തിന്റെ വെളിച്ചം പ്രസരിച്ചിരുന്നു. വി.പൌലൂസ് സ്പെയിൻ സന്ദർശിക്കാൻ ആഗ്രഹിച്ചിരുന്നു.

കോൺസ്റ്റണ്ടയിൽ ചക്രവർത്തി ക്രിസ്തുമതം അംഗീകരിച്ചതുവരെ പാശ്ചാത്യസഭ അനുഭവിച്ചിട്ടുള്ള പീഡനങ്ങൾ അനവധിയാണ്. നീറോ, ഡയോക്ലീഷൻ, ഡിക്രൂസ് എന്നീ ക്രൂരന്മാരായ ചക്രവർത്തിമാരുടെ കാലത്ത് എത്രഎത്ര പേരാണ് രക്തസാക്ഷികളായത്. ക്രിസ്തുമതം ഔദ്യോഗിക മതമായ് പ്രഖ്യാപിച്ചതോടുകൂടി പീഡനങ്ങളെല്ലാം അവസാനിച്ചു. വിശ്വാസത്തിന്റെ തീഷ്ണത ആറിത്തണുത്തു. പുറജാതികൾ ഉദ്യോഗത്തിനും മററും വേണ്ടി കൂട്ടംകൂട്ടമായ് ക്രിസ്ത്യാനികളായി. ഈ പുത്തൻകൂററുകാർക്ക് പാശ്ചാത്യസഭയിൽ വലിയ സ്വാധീന

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# (അദ്ധ്യായം 18)

## സ മാ ധി

ഈ അദ്ധ്യായം എഴുതാതിരിക്കാൻ ഗ്രന്ഥകാരൻ ആഗ്രഹിച്ചിരുന്നു. കൽദായ സുറിയാനി സമുദായത്തെ പാപ്പരാക്കിയ മൃത്യുവിന്റെ വലിയൊരു പിടിച്ചുപറിയുടെ ചരിത്രമാണ് ഇവിടെ രചിക്കേണ്ടതു്. ക. സുറിയാനിക്കാരുടെയെന്നല്ല സഹൃദയരായ ഭാരതീയരുടെ മുഴുവൻ കവിൾത്തടങ്ങളിൽ തോരാത്ത കണ്ണുനീരിന്റെ ഉറവുചാലുകൾ കീറിയൊരു സംഭവത്തിന്റെ ആവിഷ്ക്കരണമാണ് അതു്.

കേരളീയ ക. സുറിയാനി സമുദായത്തെ ഇത്ര മരണകരമായ മുറിവേല്പിച്ചൊരു സംഭവം ചരിത്രത്തിന്റെ ഏടുകളിൽ കണ്ടിട്ടില്ല. ഗോവയിലെ കോൺസണ്ടറേഷൻ കേമ്പുകളും, ഉദയംപേരൂർ സൂൻഹാദോസും അവയുടെയെല്ലാം ഇന്നോളം നീണ്ടുനീണ്ടുകിടക്കുന്ന പ്രത്യാഘാതങ്ങളും ക. സുറിയാനി സമുദായത്തെ തകർത്തുകളഞ്ഞതൊരു പരമാർത്ഥമാണ്. അവയെ അതിജീവിക്കാൻ സമുദായത്തിന്നു് വലിയ ശക്തി ലോഭംകൂടാതെ ചിലവാക്കേണ്ടിവന്നു. ഒടുവിൽ കൽദായ സുറിയാനി സമുദായം തൃശ്ശൂരിൽ മാത്രമായ് അവശേഷിച്ചു. അക്കാലങ്ങളിലെല്ലാം ക. സുറിയാനിക്കാർ കരഞ്ഞിട്ടുണ്ടാകും, ജീവിക്കാൻവേണ്ടി, നിലനില്ക്കാൻവേണ്ടി. എന്നാൽ ഇതുപോലൊരു കരച്ചിൽ എവിടേയും കേട്ടിട്ടില്ല.

ചരിത്രത്തിൽ പല കൂട്ടക്കരച്ചിലുകളും കേട്ടിട്ടുണ്ടു്. ചില ചില മഹദ്‌വ്യക്തികളുടെ നിര്യാണങ്ങളായിരിക്കും ഹേതു. എന്നാൽ ഇവിടെ സിദ്ധികൂടിയതു് ഒരു വ്യക്തിയല്ല. ഒരു സമുദായംതന്നെയായിരുന്നു. അങ്ങിനെ പറയാമോ? ക്ഷമിക്കണെ! മാർ തിമോഥയോസിന്നുശേഷം ഇന്നുവരെയുള്ള സംഭവങ്ങൾ ഒന്നു പഠിച്ചുനോക്കു. ക. സു

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org